188/2014-M

Maximum : 100 marks

Time : 1 hour and 15 minutes

1. സമുദ്രഗവേഷണത്തിനായി 2013-ൽ ഇന്ത്യ വിക്ഷേപിച്ച ഏറ്റവും പുതിയ ഉപഗ്രഹമേത്?
   (A) സരയൂ
   (B) സാഗർ
   (C) സഫയർ
   (D) സരൾ

2. ഭൂമിയുടെ ഉത്തരധ്രുവത്തിലും ദക്ഷിണധ്രുവത്തിലും കാൽകുത്തിയ ആദ്യ ഇന്ത്യക്കാരൻ ആര്?
   (A) അമുണ്ട്സെൻ
   (B) രസിക് രവീന്ദ്ര
   (C) അജീത് ബജാജ്
   (D) സി.ജി. ദേശ് പാണ്ഡെ

3. ലോക പൈതൃകമായി 'യുനെസ്കോ' അംഗീകരിച്ച ആദ്യ ഭാരതീയ നൃത്തരൂപമേത്?
   (A) കൂടിയാട്ടം
   (B) മോഹിനിയാട്ടം
   (C) കുച്ചിപ്പുടി
   (D) ഭരതനാട്യം

4. ഹിന്ദുസ്ഥാനിസംഗീതത്തിലെ പ്രധാന വിഭാഗമായ 'ധ്രുപദ്' ആരിലൂടെയാണ് പ്രശസ്തമായത്?
   (A) അമീർ ഖുസ്രു
   (B) മിയാൻ താൻ സെൻ
   (C) മിയാൻ ഷോറി
   (D) ബൈജുബാവ്ര

5. ദാദാ സാഹേബ് ഫാൽക്കെ അവാർഡ് നേടിയ ആദ്യ വനിത ആര്?
   (A) നർഗ്ഗീസ് ദത്ത്
   (B) ശബ്നാ ആസ്മി
   (C) സ്മിതാ പാട്ടീൽ
   (D) ദേവികാ റാണി

6. കേരളത്തിന്റെ ഗവർണ്ണർ പദവിയും, ഇന്ത്യയുടെ രാഷ്ട്രപതി സ്ഥാനവും അലങ്കരിച്ച വ്യക്തി ആര്?
   (A) നീലം സഞ്ജീവറെഡ്ഡി
   (B) വി.വി. ഗിരി.
   (C) ശങ്കർ ദയാൽ ശർമ്മ
   (D) സെയിൽസിംഗ്

7. 'സൗന്ദര്യലഹരി' ആരുടെ കൃതിയാണ്?
   (A) ഭാസ്കരാചാര്യർ
   (B) ആര്യഭടൻ
   (C) ശ്രീശങ്കരാചാര്യർ
   (D) വരാഹമിഹിരൻ

8. 12-ാം പഞ്ചവത്സര പദ്ധതിയുടെ കാലയളവ് ഏത്?
   (A) 2012-17
   (B) 2000-15
   (C) 2014-19
   (D) 2007-12

9. 2012-ലെ ജ്ഞാനപീഠ പുരസ്കാരം ലഭിച്ചത് ആർക്ക്?

(A) പ്രതിഭാ റായ് (B) റാവൂരി ഭരദ്വാജ

(C) ചന്ദ്രശേഖര കമ്പാർ (D) അമർകാന്ത്

10. ഒളിമ്പിക്സിൽ ആദ്യമായി വ്യക്തിഗത സ്വർണ്ണമെഡൽ നേടിയ ഇന്ത്യക്കാരൻ ആര്?

(A) അഭിനവ് ബിന്ദ്ര (B) രാജ്യവർദ്ധൻ സിങ് റാത്തോഡ്

(C) ലിയാണ്ടർ പേസ് (D) വിജേന്ദർ കുമാർ

11. ഇന്ത്യയുടെ തെക്ക് വടക്ക് നീളം എത്ര കിലോമീറ്ററാണ്?

(A) 2933 കി.മീ. (B) 3110 കി.മീ.

(C) 3528 കി.മീ. (D) 3214 കി.മീ.

12. താഴെ പറയുന്നവയിൽ സിന്ധുനദിയുടെ പോഷകനദിയല്ലാത്തത് ഏത്?

(A) ചിനാബ് (B) ബിയാസ്

(C) കോസി (D) ഝലം

13. ഇന്ത്യയിലെ ഏറ്റവും പഴക്കം ചെന്ന പർവ്വതനിര ഏത്?

(A) ആരവല്ലി (B) വിന്ധ്യ

(C) പശ്ചിമഘട്ടം (D) പൂർവ്വഘട്ടം

14. ഏത് അയൽരാജ്യവുമായാണ് ഇന്ത്യ ഏറ്റവും കൂടുതൽ അതിർത്തി പങ്കിടുന്നത്?

(A) ചൈന (B) പാക്കിസ്ഥാൻ

(C) ബംഗ്ലാദേശ് (D) നേപ്പാൾ

15. ഇന്ത്യയിലെ ആദ്യത്തെ അണുവൈദ്യുതി നിലയം ഏത്?

(A) നറോറ (B) കക്രപ്പാർ

(C) കൈഗ (D) താരാപ്പൂർ

16. ഏറ്റവും കൂടുതൽ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ഇന്ത്യൻ സംസ്ഥാനം ഏത്?

(A) മദ്ധ്യപ്രദേശ് (B) ഉത്തർപ്രദേശ്

(C) ഝാർഖണ്ഡ് (D) ആസ്സാം

17. ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ ദേശീയപാത ഏതെല്ലാം നഗരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു?

(A) വാരണാസി-കന്യാകുമാരി (B) ബഹാരഗൊാര-ചെന്നൈ

(C) ഡൽഹി-കൊൽക്കത്ത (D) ഹാജിറ-കൊൽക്കത്ത

18. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച പൈലറ്റില്ലാത്ത ഭാരം കുറഞ്ഞ വിമാനം ഏത്?

(A) വജ്ര
(B) ദീപക്
(C) ലക്ഷ്യ
(D) തേജസ്

19. ഇന്ത്യയിലെ പ്രമുഖ കപ്പൽ നിർമ്മാണശാലയായ 'ഗാർഡൻ റീച്ച് ഷിപ്പ് ബിൽഡേഴ്സ്' എവിടെ സ്ഥിതി ചെയ്യുന്നു?

(A) മുംബൈ
(B) കൊൽക്കത്ത
(C) വിശാഖപട്ടണം
(D) ഗോവ

20. ഭിലായ് ഉരുക്കു നിർമ്മാണശാല ഏതു രാജ്യത്തിന്റെ സാങ്കേതിക സഹായത്തോടെ ആരംഭിച്ചതാണ്?

(A) ബ്രിട്ടൻ
(B) ജർമ്മനി
(C) യു.എസ്.എ.
(D) റഷ്യ

21. 'പിൻതിയ്യതിയിട്ട ചെക്ക്' എന്ന് ഗാന്ധിജി വിശേഷിപ്പിച്ചത് എന്തിനെ?

(A) ക്രിപ്സ് മിഷൻ
(B) സൈമൺ കമ്മീഷൻ
(C) കാബിനറ്റ് മിഷൻ
(D) മൗണ്ട് ബാറ്റൻ പ്ലാൻ

22. ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന പുനഃസംഘടനക്കായി രൂപീകരിച്ച കമ്മീഷന്റെ ചെയർമാൻ ആരായിരുന്നു?

(A) ബി. ആർ. അംബേദ്കർ
(B) വി.പി. മേനോൻ
(C) മൗലാനാ അബുൾ കലാം ആസാദ്
(D) ജസ്റ്റിസ് ഫസൽ അലി

23. 'അനുശീലൻ സമിതി' എന്ന വിപ്ലവ സംഘടനയ്ക്ക് രൂപം കൊടുത്തത് ആര്?

(A) ബരീന്ദ്രകുമാർ ഘോഷ്
(B) വി.ഡി. സവർക്കർ
(C) ലാലാ ഹർദയാൽ
(D) താരക് നാഥ് ദാസ്

24. 'ചൗരിചൗരാസംഭവം' ഏതു സമരവുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) സിവിൽ നിയമ ലംഘന സമരം
(B) ക്വിറ്റ് ഇന്ത്യാ സമരം
(C) ചമ്പാരൻ സമരം
(D) നിസ്സഹകരണ സമരം

25. 'പ്രാർത്ഥനാ സമാജ്' രൂപീകരിച്ചതാര്?

(A) രാജാറാം മോഹൻ റായ്
(B) ആത്മാറാം പാണ്ഡുരംഗ്
(C) സ്വാമി ദയാനന്ദ സരസ്വതി
(D) കേശവ ചന്ദ്രസെൻ

26. 'ജാലിയൻ വാലാബാഗ്' കൂട്ടക്കൊല നടന്ന വർഷം ഏത്?

(A) 1917 (B) 1918

(C) 1919 (D) 1920

27. താഴെ പറയുന്നവയിൽ ഖാലിസ്ഥാൻ തീവ്രവാദികൾക്കെതിരായ സൈനിക നടപടി ഏത്?

(A) ഓപ്പറേഷൻ വിജയ് (B) ഓപ്പറേഷൻ ബ്ലൂ സ്റ്റാർ

(C) ഓപ്പറേഷൻ പരാക്രം (D) ഓപ്പറേഷൻ മേഘദൂത്

28. 'ഗരീബീ ഹഠാവോ' എന്ന മുദ്രാവാക്യം ഉയർത്തിയത് ഏത് പഞ്ചവത്സര പദ്ധതിയിലാണ്?

(A) മൂന്നാം പദ്ധതി (B) നാലാം പദ്ധതി

(C) അഞ്ചാം പദ്ധതി (D) ആറാം പദ്ധതി

29. അടിയന്തരാവസ്ഥക്കുശേഷം 1977-ൽ നടന്ന തെരഞ്ഞെടുപ്പിൽ ഇന്ദിരാഗാന്ധിയെ റായ്ബറേലി മണ്ഡലത്തിൽ പരാജയപ്പെടുത്തിയത് ആര്?

(A) രാജ് നാരായൺ (B) മൊറാർജി ദേശായ്

(C) ജയപ്രകാശ് നാരായൺ (D) ജഗ്ജീവൻ റാം

30. 'ഇന്ത്യയെ കണ്ടെത്തൽ' എന്ന തന്റെ ഗ്രന്ഥം ജവഹർലാൽ നെഹ്റു സമർപ്പിച്ചിരിക്കുന്നത് ആർക്കാണ്?

(A) കമലാ നെഹ്റുവിന്

(B) അഹമ്മദ് നഗർ കോട്ടയിലെ സഹതടവുകാർക്ക്

(C) സ്വാതന്ത്ര്യ സമര സേനാനികൾക്ക്

(D) ഇന്ദിരാഗാന്ധിയ്ക്ക്

31. ഭരണഘടനയുടെ ഏതു ഭേദഗതിയിലൂടെയാണ് 'മൗലിക കർത്തവ്യങ്ങൾ' ഉൾപ്പെടുത്തിയത്?

(A) 44-ാം ഭേദഗതി (B) 52-ാം ഭേദഗതി

(C) 36-ാം ഭേദഗതി (D) 42-ാം ഭേദഗതി

32. 'വിവരാവകാശ നിയമം' പ്രാബല്യത്തിൽ വന്നതെന്ന്?

(A) 2004 October 12 (B) 2005 October 12

(C) 2006 October 12 (D) 2010 October 12

33. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ഇപ്പോഴത്തെ ചെയർമാൻ ആര്?

(A) വി.എൻ. ഖരെ (B) ജെ.എസ്. വർമ്മ

(C) കെ. ജി. ബാലകൃഷ്ണൻ (D) ബി.എൻ. കൃപാൽ

34. ഇന്ത്യയിലെ ഏക അംഗീകൃത പതാക നിർമ്മാണശാല എവിടെ സ്ഥിതിചെയ്യുന്നു?

(A) ഹുബ്ലി (B) നാസിക്

(C) സൂറത്ത് (D) ഡെറാഡൂൺ

35. ഇന്ത്യയുടെ ദേശീയ വൃക്ഷം ഏത്?

(A) മാവ് (B) ദേവദാരു

(C) ചന്ദനം **(D) പേരാൽ**

**36. നമ്മുടെ ദേശീയഗീതമായ 'വന്ദേമാതര'ത്തിന്റെ ഇംഗ്ലീഷ് പരിഭാഷ തയ്യാറാക്കിയത് ആര്?**

**(A) അരബിന്ദ ഘോഷ്** (B) രവീന്ദ്രനാഥ ടാഗോർ

(C) ബാലഗംഗാധര തിലകൻ (D) ഗോപാലകൃഷ്ണ ഗോഖലെ

37. ഇന്ത്യയുടെ ദേശീയഗാനം ആദ്യമായി ആലപിച്ചത് ഏത് കോൺഗ്രസ്സ് സമ്മേളനത്തിൽ വെച്ചാണ്?

(A) സൂറത്ത് (B) ലക്നൗ

(C) കൊൽക്കത്ത (D) അമരാവതി

38. നമ്മുടെ ഭരണഘടനയിലെ 'മൗലികാവകാശങ്ങൾ' ഏത് രാഷ്ട്രത്തിന്റെ ഭരണഘടനയിൽ നിന്ന് കടമെടുത്ത ആശയമാണ്?

(A) ആസ്ട്രേലിയ (B) ബ്രിട്ടൺ

(C) ഫ്രാൻസ് (D) യു.എസ്.എ.

**39. ഭരണഘടന നിലവിൽ വന്നശേഷം ആദ്യമായി രാഷ്ട്രപതിഭരണം ഏർപ്പെടുത്തിയത് ഏതു സംസ്ഥാനത്താ**യിരുന്നു?

(A) കേരളം (B) ആന്ധ്രാപ്രദേശ്

(C) പഞ്ചാബ് (D) ബീഹാർ

40. 'മൗലിക അവകാശങ്ങളുടെ സംരക്ഷകൻ' എന്നറിയപ്പെടുന്നത് :

(A) പ്രസിഡന്റ് (B) സുപ്രീംകോടതി

(C) പാർലമെന്റ് (D) ഭരണഘടന

41. കേരളത്തിലെ ഏറ്റവും കുറഞ്ഞ ജനസംഖ്യയുള്ള ജില്ല ഏത്?

(A) വയനാട് (B) കാസർഗോഡ്

(C) പത്തനംതിട്ട (D) ഇടുക്കി

42. ഭാരതപ്പുഴയുടെ പോഷകനദി ഏത്?

(A) മുതിരപ്പുഴ (B) കുന്തിപ്പുഴ

(C) കരിമ്പുഴ (D) കാഞ്ഞിരപ്പുഴ

43. വെള്ളായണിക്കായൽ ഏതു ജില്ലയിലാണ്?

(A) തിരുവനന്തപുരം (B) കൊല്ലം

(C) പത്തനംതിട്ട (D) ആലപ്പുഴ

44. കേരളത്തിലെ ഏറ്റവും വലിയ സ്വകാര്യ ജലവൈദ്യുത പദ്ധതി ഏത്?

(A) മാങ്കുളം (B) മണിയാർ

(C) കുത്തുങ്കൽ (D) കല്ലട

45. സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കേരളത്തിൽ 'ORUMA' ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്തിയ സ്ഥാപനം ഏത്?

(A) KSFE (കെ.എസ്.എഫ്.ഇ.) (B) KSEB (കെ.എസ്.ഇ.ബി.)

(C) KSRTC (കെ.എസ്.ആർ.ടി.സി.) (D) KTDC (കെ.ടി.ഡി.സി.)

46. ഇടുക്കി ജില്ലയിൽ ഉൾപ്പെടുന്ന വന്യജീവി സങ്കേതം ഏത്?

(A) പേപ്പാറ (B) ചിമ്മിണി

(C) പറമ്പിക്കുളം (D) ചിന്നാർ

47. കേരളത്തിൽ മയിലുകളുടെ സംരക്ഷണത്തിനായി ആരംഭിച്ച പക്ഷിസങ്കേതം ഏത്?

(A) ചൂളന്നൂർ (B) മംഗളവനം

(C) തട്ടേക്കാട് (D) പക്ഷിപാതാളം

48. കേരളത്തിന്റെ കടൽത്തീരത്തിന് എത്ര കിലോമീറ്റർ ദൈർഘ്യമുണ്ട്?

(A) 650 കി.മീ. (B) 620 കി.മീ.

(C) 520 കി.മീ. (D) 580 കി.മീ.

49. സമുദ്രമത്സ്യോൽപാദനത്തിൽ കേരളത്തിന് എത്രാം സ്ഥാനമാണ് ഉള്ളത്?

(A) 1-ാം സ്ഥാനം (B) 2-ാം സ്ഥാനം

(C) 3-ാം സ്ഥാനം (D) 4-ാം സ്ഥാനം

50. 2010-ലെ ഏഷ്യൻ ഗെയിംസിൽ പതിനായിരം മീറ്റർ ഓട്ടമത്സരത്തിൽ സ്വർണ്ണം നേടിയതാര്?

(A) സിനി ജോസ് (B) എ.സി. അശ്വനി

(C) പ്രീജ ശ്രീധരൻ (D) സോമബിശ്വാസ്

51. 'അയ്യങ്കാളി'യുടെ ജന്മസ്ഥലം ഏത്?

(A) ചിറയിൻ കീഴ് (B) വെങ്ങാനൂർ

(C) നെയ്യാറ്റിൻകര (D) നെടുമങ്ങാട്

52. തൈക്കാട് അയ്യാഗുരുവിന്റെ പ്രശസ്തരായ രണ്ടു ശിഷ്യരിൽ ഒരാളായിരുന്നു ശ്രീനാരായണഗുരു. മറ്റേത് ആര്?

(A) വൈകുണ്ഠ സ്വാമികൾ
(B) ബ്രഹ്മാനന്ദ ശിവയോഗി
(C) ചട്ടമ്പി സ്വാമികൾ
(D) അയ്യങ്കാളി

53. താഴെ പറയുന്നവയിൽ ശ്രീനാരായണഗുരുവിന്റെ കൃതി ഏത്?

(A) ആത്മോപദേശശതകം
(B) വേദാന്തസാരം
(C) അഖിലത്തിരട്ട്
(D) ആനന്ദദർശനം

54. 'കല്യാണദായിനി സഭ' രൂപീകരിച്ചത് ആര്?

(A) ഡോ. പൽപ്പു
(B) വാഗ്ഭടാനന്ദൻ
(C) സഹോദരൻ അയ്യപ്പൻ
(D) പണ്ഡിറ്റ് കെ.പി. കറുപ്പൻ

55. വി.ടി. ഭട്ടതിരിപ്പാടിന്റെ ആത്മകഥ ഏത്?

(A) ജീവിതപ്പാത
(B) കണ്ണീരും കിനാവും
(C) കൊഴിഞ്ഞ ഇലകൾ
(D) എന്റെ സമരം

56. 'പ്രത്യക്ഷ രക്ഷാദൈവ സഭ'യുടെ സ്ഥാപകനാര്?

(A) ഡോ. വേലുക്കുട്ടി അരയൻ
(B) ശുഭാനന്ദ ഗുരുദേവൻ
(C) ടി.കെ. മാധവൻ
(D) ശ്രീകുമാർ ഗുരുദേവൻ

57. 'എന്റെ ജീവിതസ്മരണകൾ' ആരുടെ ആത്മകഥയാണ്?

(A) കെ.പി. കേശവമേനോൻ
(B) കെ. കേളപ്പൻ
(C) മന്നത്ത് പത്മനാഭൻ
(D) എ.കെ. ഗോപാലൻ

58. 'സ്വദേശാഭിമാനി' പത്രത്തിന്റെ ആദ്യ പത്രാധിപർ ആരായിരുന്നു?

(A) സി.പി. ഗോവിന്ദപ്പിള്ള
(B) വക്കം അബ്ദുൾ ഖാദർ മൗലവി
(C) കെ. രാമകൃഷ്ണപ്പിള്ള
(D) കെ.പി. കേശവമേനോൻ

59. 'മലയാളി മെമ്മോറിയലിനു' നേതൃത്വം കൊടുത്തതാര്?

(A) സി.വി. കുഞ്ഞുരാമൻ
(B) കുറൂർ നീലകണ്ഠൻ നമ്പൂതിരി
(C) ജോർജ്ജ് ജോസഫ്
(D) ജി.പി. പിള്ള

60. 'കൊച്ചിരാജ്യ പ്രജാമണ്ഡലത്തിന്റെ' ആദ്യത്തെ സെക്രട്ടറി ആരായിരുന്നു?

(A) എസ്. നീലകണ്ഠയ്യർ
(B) പനമ്പിള്ളി ഗോവിന്ദമേനോൻ
(C) വി.ആർ. കൃഷ്ണനെഴുത്തച്ഛൻ
(D) കെ. ബാലകൃഷ്ണമേനോൻ

61. സമതല ദർപ്പണത്തിന് ബാധകമല്ലാത്തത് ഏത്?
(A) പ്രകാശത്തെ പ്രതിപതിപ്പിക്കുന്നു
(B) പ്രകാശത്തിന് പ്രകീർണ്ണനം ഉണ്ടാക്കുന്നു
(C) പാർശ്വിക വിപര്യയം ഉണ്ടാക്കുന്നു
(D) മിഥ്യാ പ്രതിബിംബം ഉണ്ടാക്കുന്നു

62. മോട്ടോർ വാഹനങ്ങളിലെ ബാറ്ററിയിൽ ഉപയോഗിക്കുന്ന ആസിഡ് :
(A) നൈട്രിക് ആസിഡ്
(B) സൾഫ്യൂറിക് ആസിഡ്
(C) സിട്രിക് ആസിഡ്
(D) ടാനിക് ആസിഡ്

63. സ്വതന്ത്രമായി തൂക്കിയിട്ട ഒരു ബാർ കാന്തം ഏത് ദിശയിൽ നിൽക്കും?
(A) കിഴക്ക് പടിഞ്ഞാറ്
(B) വടക്ക് കിഴക്ക്
(C) വടക്ക് പടിഞ്ഞാറ്
(D) തെക്ക് വടക്ക്

64. ഡൈനാമോയിൽ നടക്കുന്ന ഊർജ്ജ പരിവർത്തനം :
(A) യാന്ത്രികോർജ്ജം വൈദ്യുതോർജ്ജമാകുന്നു
(B) വൈദ്യുതോർജ്ജം താപോർജ്ജമായി മാറുന്നു
(C) വൈദ്യുതോർജ്ജം യാന്ത്രികോർജ്ജമായി മാറുന്നു
(D) വൈദ്യുതോർജ്ജം ശബ്ദോർജ്ജമായി മാറുന്നു

65. ബയോഗ്യാസിലെ പ്രധാന ഘടകം :
(A) ബ്യൂട്ടെയ്ൻ
(B) പ്രൊപ്പെയ്ൻ
(C) മീഥെയ്ൻ
(D) ഹൈഡ്രജൻ

66. ചരിത്രത്തിൽ ആദ്യമായി മൂലകങ്ങളെ വർഗ്ഗീകരിച്ച് ആവർത്തനപട്ടിക തയ്യാറാക്കിയ ശാസ്ത്രജ്ഞൻ :
(A) ഡോബറൈനർ
(B) ലാവോസിയ
(C) ന്യൂലാൻഡ്സ്
(D) മെൻഡലിയേഫ്

67. ഊഷ്മാവ് അളക്കാനുള്ള ഉപകരണം :
(A) ഹൈഗ്രോമീറ്റർ
(B) ലാക്റ്റോമീറ്റർ
(C) തെർമോമീറ്റർ
(D) മാനോമീറ്റർ

68. താഴെ പറയുന്നവയിൽ സമ്പർക്കരഹിത ബലമേത്?
(A) ഒരാൾ മേശ തള്ളുന്നു
(B) ഒരാൾ കൈവണ്ടി വലിക്കുന്നു
(C) ക്രിക്കറ്റ് ബോൾ ബാറ്റ് ചെയ്യുന്നു
(D) മാങ്ങ ഞെട്ടറ്റു വീഴുന്നു

69. ഏറ്റവും കൂടുതൽ ഉപഗ്രഹങ്ങളുള്ള ഗ്രഹം :
(A) ശനി
(B) വ്യാഴം
(C) യുറാനസ്
(D) ബുധൻ

70. അലുമിനിയത്തിന്റെ അയിര് :
(A) ഹേമറ്റൈറ്റ്
(B) മാഗ്നറ്റൈറ്റ്
(C) ബോക്സൈറ്റ്
(D) അയൺ പൈറൈറ്റിസ്

71. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം സ്ഥിതിചെയ്യുന്നതെവിടെ?

(A) മങ്കൊമ്പ് (B) കാസർഗോഡ്

(C) പന്നിയൂർ (D) കോട്ടയം

72. മനുഷ്യശരീരത്തിലെ ഏറ്റവും വലിയ അസ്ഥി ഏത്?

(A) നട്ടെല്ല് (B) തുടയെല്ല്

(C) മാറെല്ല് (D) താടിയെല്ല്

73. ഒരു സങ്കരവർഗ്ഗം പച്ചമുളകാണ് :

(A) ലക്ഷഗംഗ (B) ത്രിവേണി

(C) അനുഗ്രഹ (D) ചന്ദ്രശങ്കര

74. ലോകത്ത് ചണം ഉല്പാദനത്തിൽ ഒന്നാം സ്ഥാനത്തുള്ള രാജ്യം :

(A) മലേഷ്യ (B) ബംഗ്ലാദേശ്

(C) ചൈന (D) ഇന്ത്യ

75. അസ്കോർബിക്കാസിഡ് എന്ന പേരിൽ അറിയപ്പെടുന്ന വൈറ്റമിൻ :

(A) വൈറ്റമിൻ - D (B) വൈറ്റമിൻ - C

(C) വൈറ്റമിൻ - $B_{12}$ (D) വൈറ്റമിൻ - A

76. ചിക്കൻഗുനിയ പനിക്ക് കാരണമായ സൂക്ഷ്മാണു :

(A) ഫംഗസ് (B) ബാക്ടീരിയ

(C) വൈറസ് (D) പ്രോട്ടോസോവ

77. താഴെ പറയുന്നവയിൽ പുനഃസ്ഥാപിക്കാൻ സാധിക്കാത്ത പ്രകൃതി വിഭവമാണ് :

(A) വനം (B) കൽക്കരി

(C) ജലം (D) മനുഷ്യൻ

78. കാസർഗോഡ് ജില്ലയിൽ ദുരന്തം വിതച്ച കീടനാശിനി :

(A) എൻഡോസൾഫാൻ (B) D.D.T.

(C) 2, 4–D (D) ഫ്യൂരിഡാൻ

79. നമ്മുടെ നാട്ടിൽ വംശനാശ ഭീഷണി നേരിടുന്ന ഒരു ജീവി വർഗ്ഗമാണ് :

(A) കുതിര (B) വെരുക്

(C) ആന (D) പശു

80. കൊതുകു നിർമ്മാർജ്ജനത്തിന്റെ ഭാഗമായി സ്കൂളുകളിലും, വീടുകളിലും ആചരിക്കുന്ന ഒരു പരിസ്ഥിതി സംരക്ഷണ പദ്ധതിയാണ് :

(A) പുകക്കൽ (B) ഡ്രൈഡേ

(C) സേവനവാരം (D) പരിസര ശുചീകരണം

81. താഴെക്കൊടുത്തിരിക്കുന്നവയിൽ പൂർണ്ണവർഗ്ഗമേത്?

(A) $16a^5$
(B) $8a^4$
(C) $6a^2$
(D) $25a^{10}$

82. $\frac{3}{5}-\frac{1}{x}=\frac{4}{7}$ ആയാൽ $x$ ന്റെ വില എന്ത്?

(A) $\frac{1}{35}$
(B) 35
(C) $\frac{41}{35}$
(D) $\frac{35}{41}$

83. 2/9/2013 മുതൽ 10/12/2013 വരെയുള്ള കാലയളവിൽ ഒരു സ്ഥാപനത്തിൽ 25 അവധി ദിനങ്ങൾ ആയിരുന്നെങ്കിൽ എത്ര പ്രവർത്തി ദിനങ്ങൾ ഉണ്ടായിരുന്നു?

(A) 73
(B) 74
(C) 75
(D) 76

84. 230 മീറ്റർ നീളമുള്ള തീവണ്ടി 60 km/hr വേഗതയിൽ സഞ്ചരിക്കുന്നു. സ്റ്റേഷനിൽ നിർത്തിയിട്ടിരിക്കുന്ന 270 മീറ്റർ നീളമുള്ള മറ്റൊരു തീവണ്ടിയെ കടന്നുപോകുന്നതിന് എത്ര സമയം വേണം?

(A) 30 sec
(B) 20 sec
(C) 25 sec
(D) 35 sec

85. ഒറ്റയാനെ കണ്ടെത്തുക :

(A) 39
(B) 83
(C) 91
(D) 117

86. 3, 12, 21, 30, 39, 48 .... എന്ന സംഖ്യാശ്രേണിയിലെ ഒരു പദമായി വരുന്ന സംഖ്യ ഏത്?

(A) 10000
(B) 1001
(C) 10101
(D) 10100

87. 12,000 രൂപയ്ക്ക് വാങ്ങിയ ഒരു ടി.വി. 2,400 രൂപ നഷ്ടത്തിന് വിറ്റാൽ നഷ്ടശതമാനം എത്ര?

(A) 80
(B) 75
(C) 25
(D) 20

88. $\frac{1}{8}+\frac{1}{9}-\frac{1}{5}$ ന്റെ വില കാണുക :

(A) $\frac{13}{360}$ (B) $\frac{360}{13}$

(C) $\frac{157}{360}$ (D) $\frac{360}{157}$

89. മൂന്നിന്റെ ആദ്യത്തെ അഞ്ച് ഗുണിതങ്ങളുടെ ശരാശരി എത്ര?

(A) 15 (B) 6

(C) 12 (D) 9

90. $3.94-6.32+4=$ ———— ആയിരിക്കും.

(A) $-5.9$ (B) 1.62

(C) 6.72 (D) $-2.62$

91. രമയുടെ ഇപ്പോഴത്തെ വയസ്സ് മകന്റെ വയസ്സിന്റെ 3 മടങ്ങിനേക്കാൾ നാല് കൂടുതലാണ്. മൂന്നു വർഷം മുൻപ് രമയുടെ പ്രായം മകന്റെ വയസ്സിന്റെ 5 മടങ്ങ് ആയിരുന്നു. എങ്കിൽ രമയുടെ വയസ്സെത്ര?

(A) 28 (B) 30

(C) 32 (D) 26

92. 6 സംഖ്യകളുടെ ശരാശരി 28 ആണ്. അതിൽ നിന്ന് ഒരു സംഖ്യ ഒഴിവാക്കിയപ്പോൾ ശരാശരി 27 ആയി എങ്കിൽ ഒഴിവാക്കിയ സംഖ്യ ഏത്?

(A) 27 (B) 30

(C) 33 (D) 36

93. ഡെൻഡ്രോളജി : വൃക്ഷങ്ങൾ

ആഗ്രോസ്റ്റോളജി : ————

(A) പുല്ലുകൾ (B) പാറകൾ

(C) നക്ഷത്രങ്ങൾ (D) മത്സ്യങ്ങൾ

94. $(x-a)(x-b)(x-c)\ldots.(x-z)$ ന്റെ വില എന്ത്?

(A) 1 (B) $x^{26}$

(C) 0 (D) $26x$

95. 0, 7, 26, 63, .... എന്ന ശ്രേണിയിലെ അടുത്ത പദം ഏത്?

(A) 101
(B) 124
(C) 139
(D) 147

96. ഒരു കോഡ് ഭാഷയിൽ CLERK നെ 49 എന്നെഴുതിയാൽ OFFICE നെ എങ്ങനെ എഴുതാം?

(A) 41
(B) 42
(C) 43
(D) 44

97. രഘു ഒരു സ്ഥലത്തുനിന്നും 4 km വടക്കോട്ട് സഞ്ചരിച്ച് അവിടെനിന്നും ഇടത്തോട്ട് തിരിഞ്ഞ് 2 km ഉം വീണ്ടും ഇടത്തോട്ട് തിരിഞ്ഞ് 4 km ഉം സഞ്ചരിച്ചു. എങ്കിൽ യാത്ര തുടങ്ങിയ സ്ഥലത്തുനിന്നും എത്ര ദൂരം അകലെയാണ് രഘു?

(A) 4 km
(B) 6 km
(C) 2 km
(D) 10 km

98. 15,000 രൂപ ശമ്പളമുള്ള ഒരാളുടെ ശമ്പളത്തിൽ 20% വർദ്ധനവ് ഉണ്ടായാൽ ഇപ്പോഴത്തെ ശമ്പളമെത്ര?

(A) 18,000
(B) 18,500
(C) 20,000
(D) 21,000

99. താഴെപ്പറയുന്നവയിൽ ചെറുതേത്?

(A) $\frac{12}{17}$
(B) $\frac{21}{26}$
(C) $\frac{9}{14}$
(D) $\frac{7}{12}$

100. A എന്നയാൾ പി.എസ്.സി. നടത്തിയ പരീക്ഷയിൽ 20-ാം റാങ്ക് നേടി. 60 പേർ റാങ്ക് പട്ടികയിൽ സ്ഥാനം പിടിച്ചു എങ്കിൽ താഴെ നിന്നും അയാളുടെ റാങ്ക് എത്രയാണ്?

(A) 40
(B) 41
(C) 39
(D) 38